COCHIN LEGISLATIVE COUNCIL.

Monday, the *7th of August 1933.*
23rd of Karkadagam 1108.

The House met at 12 of the clock with the President in the Chair. Messrs. C. Barton Wright, A. G. Menon, K. G. Nayar, A. I Mani, K. T. Mathew, K. Mohamed Seethi, C. A. Ouseph and A. Sankara Menon were absent.

QUESTIONS AND ANSWERS.

President.—I am very sorry that I am late to-day. The train was delayed by one hour to-day. I took only the minimum time for a wash and for taking my meals. Anyhow I will extend the question time. You will have the full one hour for questions and answers.

Application for the Labour Inspector's post.

251. മിസ്റ്റർ കെ. പി. വള്ളോൻ.—താഴെ എഴുതുന്ന ചോദ്യങ്ങൾക്കു മറുപടി പറയുവാൻ ബഹുമാനപ്പെട്ട ഗവർമ്മെണ്ടിനു ദയവുണ്ടാകുമോ.—

(ക) ലേബർ ഇൻസ്പെക്ടരുടെ തസ്തികയ്ക്കു് കെ. പി. വള്ളോൻ അപേക്ഷകനായിരുന്നോ?

(ഖ) ടിയാൻ രണ്ടുമാസം ഒഴിവാക്കണമെന്നു് അഭിപ്രായപ്പെട്ടിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ.—(ക) ലേബർ ഇൻസ്പെക്ടരുടെ തസ്തികയ്ക്കു് മിസ്റ്റർ കെ. പി. വള്ളോൻ അപേക്ഷകനായിരുന്നു.

(ഖ) ഉവ്വു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ഈ അപേക്ഷവന്നതു് ഈ ഉദ്യോഗത്തിനു് ആളെ വയ്ക്കുന്നതിനു മുമ്പാണോ?

രാമവർമ്മതമ്പുരാൻ.—അതെ.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ഈ അപേക്ഷയിലടങ്ങിയ സംഗതിയെപ്പറ്റി ഈ ഉദ്യോഗത്തിനു് ആളെ വച്ചപ്പോൾ ഗവർമ്മെണ്ടു് അന്വേഷിക്കുകയുണ്ടായോ?

രാമവർമ്മതമ്പുരാൻ.—ഉണ്ടായി.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ഈ അപേക്ഷയെ സ്വീകരിക്കുന്നതിനു പ്രതിബന്ധമായിരുന്നതെന്താണു്?

രാമവർമ്മതമ്പുരാൻ.—ഈ സംഗതിയെപ്പറ്റി ഞാൻ ഇവി

LIBRARY ARCHIVES Kerala Legislative Assembly

ടെ മുമ്പോരാക്കൽ എക്സ്പ്ലെയിൻചെയ്തിട്ടുണ്ട്. ഈ ജോലിക്കുള്ള കാപാളിഫിക്കേഷൻ—ഇംഗ്ലീഷ് പരിജ്ഞാനം വേണം, ആർഗനൈസ് ചെയ്യുന്നതിനുള്ള സാമർത്ഥ്യമുണ്ടായിരിക്കണമെന്നല്ലാം ഞാൻ ഇവിടെ പറഞ്ഞിട്ടുണ്ട്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ഈ ലേബർ ഇൻസ്പെക്ടരുടെ പ്രവൃത്തികൾ ഇന്നിന്നവയാണെന്നു നിശ്ചയിച്ചിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ.—ഉവ്വ്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—എന്തെല്ലാമാണ് അദ്ദേഹത്തിന്റെ പ്രവൃത്തികളെന്ന് അറിഞ്ഞാൽ കൊള്ളാം.

രാമവർമ്മതമ്പുരാൻ.—ഡിപ്രസ്ഡ് ക്ലാസസ്സുകളുടെ ഇടയിൽ പോയി അവർക്കു വേണ്ട ഉപദേശങ്ങൾ കൊടുക്കുക; തൊഴിലുണ്ടാക്കി കൊടുക്കുക മുതലായവയാണ്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ഈ പ്രവൃത്തികൾ ചെയ്യുവാനായിട്ട് അവരുടെ ഇടയിൽ നല്ലപരിചയമുള്ള ആളുകളെ വച്ചാൽ കുറെ അധികം നന്നായിരിക്കുമെന്നു ഗവർമ്മെണ്ടിനു തോന്നുന്നില്ലേ?

രാമവർമ്മതമ്പുരാൻ.—ഈ പ്രവൃത്തികൾ നടത്തുവാൻ വയ്ക്കുന്ന ആൾക്കു മുമ്പു പറഞ്ഞമാതിരിയുള്ള കാപാളിഫിക്കേഷൻ വേണ്ടതാണ്.

മിസ്റ്റർ പി. എസ്സ്. കേശവൻ നമ്പൂതിരി.—ഈവക പ്രവൃത്തികൾ ചെയ്യുന്നതിനു ഇംഗ്ലീഷ് വിദ്യാഭ്യാസം ആവശ്യമാണോ?

രാമവർമ്മതമ്പുരാൻ.—അതു ആവശ്യമാണെന്നു മറുപടി പറഞ്ഞിട്ടുണ്ട്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.— ഇംഗ്ലീഷു വിദ്യാഭ്യാസത്തിന്റെ പ്രത്യേക ആവശ്യമെന്താണ്?

രാമവർമ്മതമ്പുരാൻ.—സമുദായത്തിലുള്ള ഗുണദോഷങ്ങളെ മനസ്സിലാക്കുവാനും ആവശ്യമുള്ള പരിഷ്കാരങ്ങൾ ചെയ്യുവാനും ഇപ്പോൾ സാധാരണ എല്ലാവർക്കും സഹായമായിത്തീർന്നിരിക്കുന്ന ഇംഗ്ലീഷ് ഭാഷയുണ്ടെങ്കിൽ വളരെ ഉപകാരമായിരിക്കും.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—അവരുടെയിടയിൽ സംഘടനയുണ്ടാക്കുന്നതിനും ഉപദേശങ്ങൾ നൽകുന്നതിനും, എന്താണ് ഇംഗ്ലീഷു്? പ്രസംഗങ്ങളും മറ്റും പഠിച്ചു് ഇംഗ്ലീഷിൽ പറയുവാനാണോ?

രാമവർമ്മതമ്പുരാൻ.—അവരുടെ ജോലിയെന്താണെന്നു് ഞാൻ ഇവിടെ പറഞ്ഞുകഴിഞ്ഞു. അതിനു് ഈ കാപാളിഫിക്കേഷനെല്ലാം ആവശ്യമുണ്ട്.

മിസ്റ്റർ പി. എസ്സ്. കേശവൻനമ്പൂതിരി.—ഇപ്പോൾ വച്ചിട്ടുള്ള ആൾക്കു് കാപാളിഫിക്കേഷനെന്താണ്?

രാമവർമ്മതമ്പുരാൻ.—മെട്രിക്കുലേഷനാണ്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എം. ഇബ്രാഹിം.—ഇംഗ്ലീഷില്ലാതെകണ്ട് ഈ വകസംഗതികളൊന്നും അധഃകൃതരെ മനസ്സിലാക്കുവാൻ സാധിക്കുകയില്ലേ?

രാമവർമ്മതമ്പുരാൻ.—അവരെ സംബന്ധിച്ച് ബാക്കിയുള്ള എല്ലാസംഗതികളും നോക്കുന്നതിനു് ഇംഗ്ലീഷിന്റെ ആവശ്യമുണ്ട്.

മിസ്റ്റർ കെ. അയ്യപ്പൻ.—പുലയൽ പതിച്ചുകൊടുക്കുവാൻമാത്രമാണെന്ന് താവമ്മേണ്ട് ഇതിനുമുമ്പ് പറഞ്ഞിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ.—ഓർമ്മയില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ഈ ലേബർ ഇൻസ്പെക്ടരെ നിയമിച്ചിട്ട് എത്രകൊല്ലമായി?

രാമവർമ്മതമ്പുരാൻ.—ഒന്നരയോ, രണ്ടോ കൊല്ലമായി.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—അദ്ദേഹം ഇതേവരെ എന്തെല്ലാം പ്രവൃത്തികളാണ് ചെയ്തിട്ടുള്ളത്?

രാമവർമ്മതമ്പുരാൻ.—അദ്ദേഹം പല ജോലികളും ചെയ്യുന്നുണ്ട്.—അഡ്വ-മിനിസ്ട്രേഷൻ റിപ്പോർട്ട് നോക്കണം.—

മിസ്റ്റർ എ. ഈച്ചരമേനോൻ.—മിസ്റ്റർ വള്ളോനു ജോലികിട്ടണമെന്ന് അപേക്ഷിച്ചപ്പോൾ ആ അപേക്ഷയെ താവമ്മേൻറ് എന്തുചെയ്തു?

രാമവർമ്മതമ്പുരാൻ.—വള്ളോൻ അപേക്ഷിച്ചത് സർക്കാർ ജോലിക്കുവേണ്ടിയാണു്.

മിസ്റ്റർ കെ. പി. വള്ളോൻ.—ഇപ്പോൾ നിയമിച്ചിട്ടുള്ള ലേബർ ഇൻസ്പെക്ടർ ഇതേവരെ വല്ലതും ജോലികൾ അന്വേഷിച്ചുകണ്ടുപിടിച്ച് നടപ്പിൽ വരുത്തിയിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ.—അഡ്വ-മിനിസ്ട്രേഷൻ റിപ്പോർട്ട്നോക്കണം.

Bhajana Mutts for Depressed Classes—petitions for.

251. മിസ്റ്റർ കെ. പി. വള്ളോൻ.—താഴെ എഴുന്ന ചോദ്യങ്ങൾക്കു മറുപടി പറയുവാൻ ദയവുണ്ടാകുമോ,—

ഏണാകുളം, പുല്ലെപ്പടി മുതലായ സ്ഥലങ്ങളിൽ നിവസിക്കുന്ന അധഃകൃതർക്ക് ഭജനമഠത്തിനും മറ്റുമായി എത്ര ഹർജികൾ അയച്ചിട്ടുണ്ട്?

രാമവർമ്മതമ്പുരാൻ.—രണ്ടു ഹർജികൾ അയച്ചിട്ടുണ്ട്.

മിസ്റ്റർ കെ പി. വള്ളോൻ.—ഈ ഹർജിയിൽ പറയുന്ന സംഗതികൾ വല്ലതും നടപ്പിൽ വരുത്തിയിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ.—വിദ്യാഭ്യാസസംബന്ധമായും മറ്റും വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുന്നുണ്ട്.

മിസ്റ്റർ കെ. പി. വള്ളോൻ.—ഭജനമഠത്തെ സംബന്ധിച്ചു

LIBRARY ARCHIVES Kerala Legislative Assembly